# ഡിപ്പാർട്ടുമെൻറൽ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ഡിപ്പാർട്ടുമെൻറൽ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻെറ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.org -ലൂടെ പരീക്ഷാർത്ഥികൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്; രജിസ്ട്രേഷൻ പൂർത്തിയാക്കിയ പരീക്ഷാർത്ഥികൾ അവർക്ക് നൽകിയിട്ടുള്ള user id -യും password -ഉം ഉപയോഗിച്ച് സ്വന്തം പേജിലേയ്ക്ക് sign in ചെയ്ത് കയറാവുന്നതാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയ പരീക്ഷാർത്ഥികൾക്ക് മാത്രമേ ഇനി മുതൽ വിജ്ഞാപനം പുറപ്പെടുവിക്കുന്ന ഡിപ്പാർട്ടുമെൻറൽ പരീക്ഷകൾക്ക് അപേക്ഷിക്കുവാൻ സാധിക്കുകയുള്ളു.

user id -യും password -ഉം നൽകി സ്വന്തം പേജിൽ എത്തിയ പരീക്ഷാർത്ഥികൾ നിലവിൽ വിജ്ഞാപനം പുറപ്പെടുവിച്ച പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനായി പേജിൽ വലതുഭാഗത്തായി കാണുന്ന **Apply for Test** ലിങ്ക് ക്ലിക്ക് ചെയ്യണം. അപ്പോൾ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പരീക്ഷകളുടെ വിവരങ്ങൾ പേജിൽ ലഭ്യമാകും. അതിലുള്ള Apply Now ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ പേപ്പറുക:ൾ തെരഞ്ഞെടുക്കുന്നതിനായുള്ള പേജ് ദൃശ്യമാകും. പ്രസ്തുത പേജിൽ ആദ്യം തെരഞ്ഞെടുക്കേണ്ടത് പരീക്ഷ എഴുതുവാൻ ഉദ്ദേശിക്കുന്ന സ്ഥലം (Region) ആണ്. അത്തരത്തിൽ തെരഞ്ഞെടുക്കുന്ന സ്ഥലത്തെ പരീക്ഷാകേന്ദ്രങ്ങളിൽ ഒന്നായിരിക്കും പരീക്ഷാർത്ഥികൾക്ക് ലഭിക്കുക. അതിനുശേഷം എഴുതുവാൻ ഉദ്ദേശിക്കുന്ന പരീക്ഷ ഏതാണെന്ന് വ്യക്തമാക്കണം. പ്രസ്തുത പരീക്ഷയുടെ ഏതെല്ലാം പേപ്പറുകൾ ആണ് എഴുതുവാൻ ഉദ്ദേശിക്കുന്നത് എന്ന് ഓരോന്നായി തെരഞ്ഞെടുത്ത് **ADD** ബട്ടൺ ക്ലിക്ക് ചെയ്യണം. ഒരു പരീക്ഷയുടെ എല്ലാ പേപ്പറുകളും എഴുതുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ **All Papers** തെരെഞ്ഞെടുത്ത് **ADD** ബട്ടൺ ക്ലിക്ക് ചെയ്താൽ മതിയാകും. അത്തരത്തിൽ എഴുതുവാൻ ഉദ്ദേശിക്കുന്ന എല്ലാ പരീക്ഷകളും പ്രസ്തുത പരീക്ഷകളുടെ പേപ്പറുകളും തെരഞ്ഞെടുക്കാവുന്നതാണ്. പ്രസ്തുത പേജിൽ Obligatory Test -കൾക്കുള്ള Free chance ഉപയോഗപ്പെടുത്തുന്നതി നുള്ള സൗകര്യവുമുണ്ട്. ഫ്രീ ചാൻസിന് അർഹത ഉള്ളവർ പ്രസ്തുത ബോക്സിൽ ☑ രേഖപ്പെടു ത്തേണ്ടതാണ്.

പരീക്ഷയ്ക്കുള്ള പേപ്പറുകൾ തെരഞ്ഞെടുത്തുകഴിഞ്ഞതിനുശേഷം പേജിൻെറ വലതു ഭാഗത്തുള്ള **Fee Chalan** ലിങ്ക് ക്ലിക്ക് ചെയ്യണം. പ്രസ്തുത

പേജിൽ Treasury യിൽ തുക ഒടുക്കുന്നതിനുള്ള chalan ഫാറങ്ങൾ (പരീക്ഷയ്ക്കും സർട്ടിഫിക്കറ്റിനും വെവ്വേറെ) print ചെയ്ത് എടുക്കുന്നതിനുമുള്ള സൗകര്യം ഉണ്ട്. ആദ്യം പേജിൽ നൽകിയിട്ടുള്ള **Notification** നമ്പർ തെരഞ്ഞെടുത്തതിനുശേഷം chalan ഫാറങ്ങൾ print ചെയ്ത് എടുക്കാവുന്നതാണ്.

Treasury യിൽ പ്രസ്തുത chalan ഉപയോഗിച്ച് ഫീസ് ഒടുക്കിയതിനുശേഷം സ്വന്തം പേജിലെ **Payment Details** ലിങ്ക് ക്ലിക്ക് ചെയ്ത് ഫീസ് ഒടുക്കിയതിൻെറ വിശദാംശങ്ങൾ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയ്ക്ക് മുൻപായി രേഖപ്പെടുത്തേണ്ടതാണ്. അതോടെ ഡിപ്പാർട്ടുമെൻറൽ പരീക്ഷയ്ക്കുള്ള അപേക്ഷ സമർപ്പണം പൂർണ്ണമാകും. ഇത്തരത്തിൽ ലഭിച്ച അപേക്ഷകൾ ഡിപ്പാർട്ട്മെൻറ് ടെസ്റ്റ് വിഭാഗം വിശദമായി പരിശോധിക്കുകയും അർഹത ഇല്ലാത്തതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുകയും ചെയ്യുന്നതാണ്. സ്വീകാര്യമായ അപേക്ഷകൾക്ക് രജിസ്റ്റർ നമ്പരും പരീക്ഷാകേന്ദ്രവും അനുവദിച്ച് അഡ്മിഷൻ ടിക്കറ്റ് ഓൺലൈനായി ഡൗൺലോഡു ചെയ്യുന്നതിന് ലഭ്യമാക്കുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ലഭ്യമാക്കിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾക്ക് സ്വന്തം പേജിൽ നിന്നും **My Admission Ticket** ലിങ്ക് ക്ലിക്ക് ചെയ്ത് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഡൗൺലോഡുചെയ്ത ഫോട്ടോയോടുകൂടിയ അഡ്മിഷൻ ടിക്കറ്റിൽ ഫോട്ടോയിലും അതോടൊപ്പമുള്ള സത്യവാങ്മൂലത്തിലും തങ്ങളുടെ വകുപ്പു മേധാവിയേയോ ആഫീസ് മേധാവിയേയോകൊണ്ട് സർട്ടിഫൈ ചെയ്യിച്ച് പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതും പരിശോധനയ്ക്ക് കൈമാറേണ്ടതുമാണ്. സർട്ടിഫൈ ചെയ്യുന്ന വ്യക്തിയുടെ ഔദ്യോഗിക പദവിയും പേരും അഡ്രസ്സും ഒപ്പിനു താഴെ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതാണ്.

അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുന്ന അവസാനതിയതി അതാത് പരീക്ഷയുടെ നോട്ടിഫിക്കേഷനിൽ സൂചിപ്പിച്ചിട്ടുള്ള ദിവസം രാത്രി 12 മണി വരെയാണ്. അപേക്ഷയിലുള്ള മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും അവസാന തീയതിവരെ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമായിരിക്കും. നിശ്ചിത തീയതിയ്ക്ക് മുൻപുതന്നെ ഫീസ് അടയ്ക്കുന്നതിലും അപേക്ഷ സമർപ്പിക്കുന്നതിലും പരീക്ഷാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനോ അപേക്ഷാ സമർപ്പണമോ സംബന്ധമായ സംശയങ്ങൾക്ക് പി.എസ്.സി. ഹെൽപ് ഡെസ്കിൽ പറഞ്ഞിട്ടുള്ള ഫോൺ നമ്പറിൽ (0471 2448849) ബന്ധപ്പെടാവുന്നതാണ്.